# യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
## ആഭ്യന്തര ഓഡിറ്റ് വിഭാഗം
### CCSIT ജോൺ മത്തായി സെന്ററിന്റെ ഓഡിറ്റ് റിപ്പോർട്ട് -2019

3545/FIN-INT.AUDIT-2/2019/Fin
14.02.2019

തൃശ്ശൂർ ജോൺ മത്തായി സെന്ററിൽ 14.1.2019,15.1.2019 എന്നീ തയ്യതികളിലായി ആഭ്യന്തര ഓഡിറ്റ് വിഭാഗം കണക്കു പരിശോധന നടത്തിയിരുന്നു,അതിന്റെ കണ്ടെത്തലുകൾ വിശദമായി താഴെ കൊടുക്കുന്നു.

ഓഡിറ്റ് സംഘാംഗങ്ങൾ

സെക്ഷൻ ഓഫീസർ :രജനീദേവി പി.കെ .
അസ്സിസ്റ്റന്റ്സ് :സത്യനേശൻ.സി
മനോജ്കുമാർ.ടി

അസ്സോസിയേറ്റ് കോ-ഓർഡിനേറ്റർ : ബിനി പി. പി .
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ; സീറ്റ് ഒഴിവു
കോൺടാക്ട് സ്റ്റാഫ് : 8

**ക്യാഷ് ബുക്ക് :**

a)ക്യാഷ് ബുക്ക് കൈകാര്യം ചെയ്തിരിക്കുന്നത് അശ്രദ്ധമായിട്ടാണ്. 7.11.2017 വരെയാണ് ക്യാഷ് ബുക്കിൽ എൻട്രി വരുത്തിയിരിക്കുന്നത്.ക്യാഷ് ബുക്ക് പുതുക്കിവക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b)ക്യാഷ് ബുക്കിലെ തെറ്റ് തിരുത്തുന്നതിനായിട്ടു വൈറ്റ്നർ ഉപയോഗിച്ചതായിട്ടു കാണുന്നു.

c)7.11.2017 ക്യാഷ് ബുക്കിലെ ബാലൻസ് തുക 335456 രൂപയാണ്.

d)ഫീസിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തികാണുന്നില്ല.

e)ക്യാഷ് ബുക്കിൽ അസ്സോസിയേറ്റ് കോ-ഓർഡിനേറ്റർ മേലൊപ്പുവെച്ചതായിട്ടു കാണുന്നില്ല.

f) ക്യാഷ്ബുക് എഴുതുന്ന രീതി ശരിയല്ല .

**ബാങ്ക് അക്കൗണ്ട് :**സ്ഥാപനത്തിലെ ദിവസേനയുള്ള പണമിടപാടുകൾ SBI തൃശ്ശൂർ ബ്രാഞ്ചിലെ A/C No.57069788545 എന്ന സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് നടത്തുന്നത്.സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലീവിൽ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ കാലത്തു കുറച്ചു പണമിടപാടുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. 15.1.2019ഇൽ ബാങ്കിലെ ബാലൻസ് തുക 7,27,446 ആണ് .ക്യാഷ് ബുക്കിലെ ബാലൻസും ബാങ്ക് സ്റ്റെമെന്റും തമ്മിൽ ക്രമപ്പെടുത്തിയിട്ടില്ല.

**അഡ്മിഷൻ രജിസ്റ്റർ :** പ്രസ്തുത രെജിസ്റ്ററിൽ 2016-2017,2018-2019 വർഷത്തെ കുട്ടികളുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.അതുപോലെ കുട്ടികളുടെ ഫീസിനെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. 2017-19 വർഷത്തിൽ Msc ക്കു അനുവദിച്ചിരിക്കുന്ന സീറ്റുകളുടെ എണ്ണം 24ആണ് .11 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട് 2017-19.വർഷത്തിൽ MCAക്കു 30 സീറ്റിൽ 28 കുട്ടികൾ പ്രവേശനനു നേടിയിട്ടുണ്ട്.

**പി എ രജിസ്റ്റർ** : 9.5.2017 ശേഷം പി എ രജിസ്റ്റർ എഴുതിയിട്ടില്ല. Rs.7208 രൂപ ചിലവഴിച്ചിട്ടുണ്ടെങ്കിലും വീണ്ടെടുക്കുവാനുള്ള നടപടികൾ ചെയ്തിട്ടില്ല. 8.8.2018 ഇൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്വന്തം നിലക്ക് 20,000 രൂപ അക്കൗണ്ടിൽ അടച്ചതായിട്ടു കാണുന്നു.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ** :സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ അവധിയിൽ ആയിരുന്നത് കൊണ്ട് ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട പല രെജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമല്ലായിരുന്നു.വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് വിതരണം ചെയ്തത് രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് പരിശോധിക്കാൻ പറ്റിയുള്ളൂ. കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് തുകകൾ പണമായി നൽകാതെ ചെക്ക് വഴി മാത്രം നല്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

**ചെക്ക് ഇഷ്യൂ രജിസ്റ്റർ :** പ്രസ്തുത രെജിസ്റ്ററിൽ 3.4.2017 വരെ മാത്രമേ ചെകിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളു .അസ്സോസിയേറ്റ് കോ-ഓർഡിനേറ്ററുടെ പേരിൽ എടുത്ത ചെക്കുകളുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

**അക്സെഷൻ രജിസ്റ്റർ:** പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ 18.12.2011 ഇൽ 2100 പുസ്തകങ്ങൾ ഉള്ളതായിട്ട് കാണുന്നു. 19 പുസ്തകങ്ങൾ നഷ്ടപ്പെട്ടതായിട്ട് കാണുന്നു .18.12.2011നു ശേഷം പുസ്തകങ്ങൾ ഒന്നും വാങ്ങിച്ചിട്ടില്ല. നഷ്ടപ്പെട്ട പുസ്തകങ്ങൾ എഴുതിത്തള്ളാനുള്ള നടപടികൾ എടുക്കാവുന്നതാണ്.

**കോഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ:** കോഷൻ ഡെപ്പോസിറ്റ് തുക 1000 രൂപയാണ്. 2015 വർഷത്തെ MCA കോഴ്സിന്റെ 22 കുട്ടികളുടേയും 2016 വർഷത്തെ Msc കോഴ്സിന്റെ 16 കുട്ടികളുടെയും കോഷൻ ഡെപ്പോസിറ്റ് തുക തിരിച്ചുകൊടുക്കാനുണ്ട്.ഈ തുക തിരിച്ചുകൊടുക്കാനുള്ള നടപടികൾ എത്രയും പെട്ടന്ന് എടുക്കേണ്ടതാണ്.

**ബുക്ക് ഇഷ്യൂ രജിസ്റ്റർ:** 2017 വർഷത്തിൽ 3 കുട്ടികൾ പുസ്തകങ്ങൾ തിരിച്ചുകൊടുക്കുവാനുണ്ട്.

| Sl No. | അക്സെഷൻ No | വിദ്യാർത്ഥിയുടെ പേര് | ബുക്കിന്റെ പേര് | കൊടുത്ത തിയതി |
|---|---|---|---|---|
| 1 | 358 | ഫർഹാത് കെ. എം . | ഫോർമൽ ലാംഗ്വേജ് ആൻഡ് ഓട്ടോമേറ്റ | 17.11.17 |
| 2 | 1918 | മഞ്ജു എ. എം . | സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് | 24.11.17 |
| 3 | 438 | അഞ്ജിത J.S. | പ്രോഗ്രാമിങ് ഇൻ ANSIC 2nd എഡിഷൻ . | 13.9.17 |

ടേബിളിൽ പറഞ്ഞിരിക്കുന്ന ബുക്കുകൾ കൊടുത്തിട്ട് ഒരു വർഷത്തിൽ കൂടുതലായതുകൊണ്ട് അത് തിരിച്ച് വാങ്ങിക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.സ്ഥാപനത്തിൽ ലൈബ്രേറിയന്റെ സീറ്റ് ഒഴിവായിക്കിടക്കുകയാണ്.

**പൊതുവായ കാര്യങ്ങൾ** :

a) സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ അവധിയിൽ ആയിരുന്നതുകൊണ്ട് സ്ഥാപനത്തിലെ പണമിടപാടുകൾ എല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്.ചെക്കുകൾ ഒന്നും മാറ്റിയെടുക്കുവാൻ സാധിച്ചിട്ടില്ല,

b)സ്ഥാപനത്തിലെ രെജിസ്റ്ററുകൾ എല്ലാം പുതുക്കിവെക്കേണ്ടതാണ്.

CU CAMPUS — Suresh K.K

5.2.2019 — FINANCE OFFICER